**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** **31-08-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന വികസനത്തിനും ക്ഷേമത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള പുനർഗേഹം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള ബ്രഹത് പദ്ധതിയാണ് പുനർഗേഹം.<br><br>2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 21004 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 8375 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചവരാണ്. ഇതിൽ 3382 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയ്ക്ക് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി വില അംഗീകരിച്ചിട്ടുണ്ട്. 2701 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 2171 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും 1480 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുമുണ്ട്. വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20) മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നിവിടങ്ങളിലുമായി 276 കുടുംബങ്ങളെ ഫ്ലാറ്റ് നിർമ്മിച്ച് ഇതിനോടകം പുരനധിവസിപ്പിച്ചിട്ടുണ്ട്. കൊല്ലം QSS കോളനിയിൽ 114 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | ആലപ്പുഴ ജില്ലയിൽ മണ്ണുംപുറം 228 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനു പുറമെ വലിയതുറ (192), കാരോട് (24), പൊന്നാനി (100), നിറമരുതൂർ (16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി - (144) എന്നിവിടങ്ങളിലായി 556 ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഭൂമി ലഭ്യമാക്കി കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസി ക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനും മാറി താമസിക്കുവാൻ തയ്യാറായിട്ടുള്ള ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുന്ന പക്ഷം 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പുനരധിവസി പ്പിക്കുന്നതിനുമുള്ള സത്വര നടപടികൾ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം

| District | Total Beneficiaries | DLAC approved beneficiaries | Willing to shift | No. of flat | DLMC approved beneficiaries | Registration of land | Instalment released | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | 1st | 2nd | 3rd |
| TVM | 4981 | 3857 | 3785 | 148 | 1117 | 832 | 599 | 501 | 399 |
| KLM | 1580 | 504 | 504 | 0 | 300 | 275 | 247 | 221 | 198 |
| ALP | 4660 | 1774 | 1194 | 0 | 758 | 632 | 601 | 445 | 384 |
| EKM | 1632 | 241 | 151 | 0 | 72 | 67 | 60 | 54 | 38 |
| TSR | 984 | 719 | 489 | 4 | 323 | 292 | 274 | 254 | 215 |
| MLPM | 1806 | 1311 | 1178 | 128 | 396 | 216 | 172 | 132 | 104 |
| KKD | 2609 | 323 | 291 | 0 | 99 | 89 | 79 | 71 | 58 |
| KNR | 1583 | 1583 | 247 | 0 | 151 | 138 | 87 | 67 | 60 |
| KSD | 1169 | 1169 | 536 | 0 | 166 | 160 | 52 | 43 | 24 |
| **Total** | **21004** | **11481** | **8375** | **280** | **3382** | **2701** | **2171** | **1788** | **1480** |

**സെക്ഷൻ ഓഫീസർ**